ND. C. 38/16 dt.05.10.16

# മിഷൻ കോൺഗ്രസ്സും ബിസിസി കൺവെൻഷനും

05.10.2016

ക്രിസ്തുവിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരങ്ങളെ,

കേരള ലത്തീൻ സഭയിൽ ഏകീകൃതവീക്ഷണവും സംവിധാനവും രൂപപ്പെടുത്തുക. സഭയുടെ ചെറുപതിപ്പായി ഓരോ ബിസിസി യൂണിറ്റിനെയും മാറ്റുക. അല്മായ പങ്കാളിത്തം വർദ്ധിപ്പിക്കാനായി 6 ശുശ്രൂഷകളിലേക്കുള്ള പ്രതിനിധികളെ ബിസിസി കളിൽ ക ത്തി സഭാപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. ലത്തീൻ സഭാവിശ്വാസികളെ പ്രേഷിതചൈതന്യത്താൽ നിറഞ്ഞ സുവിശേഷ സാക്ഷികളാക്കുക എന്നീ ലക്ഷ്യത്തോടു കൂടി കെആർഎൽസിസി വിഭാവനം ചെയ്ത മിഷൻ കോൺഗ്രസ്സും ബിസിസി കൺവെൻഷനും 2017 ഒക്ടോബർ 6 മുതൽ 8 വരെ വരാപ്പുഴ അതിരൂപതയിൽ വല്ലാർപാടത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

12 രൂപതകളിൽനിന്നുമായി 4000 പ്രതിനിധികൾ പങ്കെടുക്കുന്നു: കെആർഎൽസിസി ജനറൽബോഡി അംഗങ്ങൾ; പ്രധാന ഇടവകയിൽനിന്നും 3 പേർ : ഇടവക ശുശ്രൂഷാ കോർഡിനേറ്റർ (ബിസിസി ഇടവകകേന്ദ്രസമിതിയിൽനിന്നും ഒരാൾ), പാരിഷ് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, 6 മിനിസ്ട്രികളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾ; സബ്സ്റ്റേഷനുകളിൽനിന്നും 2 പേർ വീതം : ഇടവക ശുശ്രൂഷാകോർഡിനേറ്റർ(ബിസിസി ഇടവക കേന്ദ്രസമിതിയിൽനിന്നും ഒരാൾ), പാരിഷ് കൗൺസിൽ സെക്രട്ടറി. മിഷൻ കോൺഗ്രസ്സിന് രൂപതാ തലത്തിൽ മേൽനോട്ടം വഹിക്കുന്ന രൂപതാസ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, രൂപതയിലെ വിവിധ ശുശ്രൂഷകളുടെ ഡയറക്ടർ/സെക്രട്ടറി, ഫൊറോനാ ബിസിസി സിസ്റ്റർ ആനിമേറ്റർമാർ, യുവജനശുശ്രൂഷ - 10 രൂപതാ പ്രതിനിധികൾ, രൂപത അംഗീകരിച്ചിട്ടുള്ള ഭക്തസംഘടനകളിൽനിന്നും ഒരു ഭാരവാഹി വീതം, കെആർഎൽസിസി അംഗീകരിച്ച സമുദായ സാമൂഹിക സംഘടനകളിൽനിന്നും 3 രൂപതാ പ്രതിനിധികൾ, ഓരോ രൂപതയിൽ നിന്നും 10 വചനബോധന അധ്യാപകർ എന്നിവർ പങ്കെടുക്കുന്നു. അതിനോടനുബന്ധിച്ച് ചില മുന്നൊരുക്ക പരിപാടികൾ രൂപതയിലും ഫൊറോനകളിലും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## മുന്നൊരുക്ക പരിപാടികൾ

**( 2016 ഒക്ടോബർ മുതൽ 2017 സെപ്റ്റംബർ വരെ)**

a. **മിഷൻ കോൺഗ്രസിന്റെയും ബിസിസി കൺവെൻഷന്റെയും മുന്നൊരുക്ക പരിപാടികളുടെയും ഉത്ഘാടനം (2016 ഒക്ടോബർ 16)**

b. **ഫൊറോനതല ശുശ്രൂഷാ സംഗമം (2017 ഏപ്രിൽ മുതൽ 2017 ജൂലൈ വരെ)**

c. **സമഗ്ര വിവര ശേഖരണം**

### <u>മിഷൻ കോൺഗ്രസ് ഉദ്ഘാടനം</u>

1. **രൂപതയിൽ** (2016 ഒക്ടോബർ 16)

   2016 ഒക്ടോബർ 16-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും തുടർപ്രവർത്തനങ്ങളെക്കുറിച്ച് റവ.ഡോ. ഗ്രിഗറി ആർബി ക്ലാസ്സെടുക്കുന്നു. തുടർന്ന് അഭിവന്ദ്യ വിൻസെന്റ് സാമുവൽ പിതാവിന്റെ നേതൃത്വത്തിൽ മിഷൻ കോൺഗ്രസിന്റെ മുന്നൊരുക്ക പരിപാടികളുടെ രൂപതാതല ഉത്ഘാടനവും പ്രേഷിത ദീപം കത്തിക്കുകയും ലോഗോ പ്രകാശനം ചെയ്യുകയും ചെയ്യുന്നു. തുടർന്ന് വൈകുന്നേരം 4 മണിക്ക് സമൂഹ ദിവ്യബലിയും അന്നേ ദിനം അതാത് ഫൊറോന വികാരിമാരും ഫൊറോന കൗൺസിൽ അംഗങ്ങളും ഒരുമിച്ച് അഭിവന്ദ്യ പിതാവിൽ

നിന്നും പ്രേഷിത ദീപവും ലോഗോയും ഏറ്റുവാങ്ങുന്നു. പങ്കെടുക്കേ വർ: 11 ഫൊറോനയിലെയും ഫൊറോന കൗൺസിൽ അംഗങ്ങൾ

2. **ഫൊറോനകളിൽ** (2016 ഒക്ടോബർ 23)

2016 ഒക്ടോബർ 23-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് ഫൊറോന ദൈവാലയങ്ങളിൽ വച്ച് മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകുന്നതാണ്. തുടർന്ന്, ഫൊറോന വികാരിയുടെ നേതൃത്വത്തിൽ തുടർന്ന് വൈകുന്നേരം 4 മണിക്ക് സമൂഹദിവ്യബലിയും അന്നേ ദിനം അഭിവന്ദ്യ പിതാവിൽ നിന്നും ഏറ്റുവാങ്ങിയ പ്രേഷിത ദീപവും ലോഗോയും അതാത് ഫൊറോനയിലെ ഇടവക വൈദികരും അതാത് ഇടവക കൗൺസിൽ അംഗങ്ങളും ഒരുമിച്ചു ഫൊറോന വികാരിയിൽ നിന്നും ഏറ്റുവാങ്ങുന്നു. പങ്കെടുക്കേ വർ : ഇടവക കൗൺസിൽ അംഗങ്ങൾ. (ഫൊറോനകളിൽ നൽകേ പ്രേഷിത ദീപം (മെഴുകുതിരി) ഫൊറോന കൗൺസിൽ ക്രമീകരിക്കേ താണ്) (ഈ മെഴുകുതിരികളും മിഷൻ കോൺഗ്രസ് ലോഗോയും ബിഷപ്പ്സ് ഹൗസിൽ ലഭ്യമാണ്.)

3. **ഇടവകകളിൽ** (2016 ഒക്ടോബർ 30)

2016 ഒക്ടോബർ 30-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ ഇടവകയിൽ വച്ച് മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകേ താണ്. തുടർന്ന് വൈകുന്നേരം 4 മണിക്ക് ഇടവക ദൈവാലയങ്ങളിലെ ദിവ്യബലിയിൽ മിഷൻ കോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും ലോഗോ ഇടവകകളിൽ പ്രതിഷ്ഠിക്കുകയും പ്രേഷിതദീപം കത്തിക്കുകയും ചെയ്യുന്നു. അന്നേ ദിനം ഫൊറോന വികാരിയിൽ നിന്നും ഏറ്റുവാങ്ങിയ പ്രേഷിത ദീപം (മെഴുകുതിരി) ഇടവക വികാരിയിൽ നിന്നു ഓരോ ബിസിസി യിലെയും 8 സമിതി അംഗങ്ങളും ലീഡർമാരും ചേർന്ന് ഏറ്റുവാങ്ങുന്നു. (ഇടവകകളിൽ നൽകേ പ്രേഷിത ദീപം ഇടവക കൗൺസിൽ ക്രമീകരിക്കേ താണ്)

4. **ബിസിസികളിൽ** (2016 നവംബർ 6)

2016 നവംബർ 6-ാം തീയതി ബി.സി.സി.യിൽ ഒരുമിച്ചു കൂടി പ്രാർത്ഥനാ ശുശ്രൂഷയും തുടർന്ന് ഇടവക വികാരിമാരിൽ നിന്നും ബി.സി.സി. ലീഡർമാർ ഏറ്റുവാങ്ങിയ പ്രേഷിത ദീപം (മെഴുകുതിരി) കുടുംബങ്ങൾക്കു കൈമാറുന്നു. കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒരുമിച്ച് ഏറ്റുവാങ്ങി കുടുംബപ്രാർത്ഥനയിൽ ഭവനങ്ങളിൽ കത്തിക്കുന്നു.

**16.10.2016 -ലെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കേ വർ**

1. രൂപതയിലെ എല്ലാ വൈദീകരും സിസ്റ്റേഴ്സും ഉപദേശിമാരും
2. രൂപതയിൽ നിന്നുള്ള കെആർഎൽസിസി അംഗങ്ങൾ
3. ഇടവകയിലെ ശുശ്രൂഷ കോർഡിനേറ്റർമാർ
4. ഇടവക കൗൺസിൽ സെക്രട്ടറിമാർ
5. ഇടവകയിലെ 6 ശുശ്രൂഷകളുടെയും ഇടവക പ്രതിനിധിമാർ
6. മിഷൻ കോൺഗ്രസ്സ് സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ
7. ഫൊറോന ആനിമേറ്റർമാർ
8. കെസിവൈഎം രൂപതാ സമിതിയും ഫൊറോന പ്രസിഡന്റുമാരും
9. രൂപതാ അജപാലന സമിതി അംഗങ്ങൾ
10. വിവിധ സംഘടനകളുടെ എക്സിക്യൂട്ടീവ് അംഗങ്ങൾ
11. ഇടവകകളിലെ മതബോധന ഹെഡ്മാസ്റ്റർമാർ

N.B. മേൽപ്പറഞ്ഞ അംഗങ്ങളെ 16.10.2016 ന് ഉച്ചകഴിഞ്ഞ് 2.30 നുള്ള ഉദ്ഘാടനചടങ്ങിൽ പങ്കെടുക്കാൻ വൈദീകർ നിർബന്ധമായും അയയ്ക്കേ താണ്.

## ഫൊറോനതല ശുശ്രൂഷാ സംഗമം
## (2017 ഏപ്രിൽ മുതൽ 2017 ജൂലൈ വരെ)

ശുശ്രൂഷകളെയും അതിന്റെ പ്രവർത്തനങ്ങളെയും സംവിധാനങ്ങളെയും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണു ഫൊറോനതല ശുശ്രൂഷാ സംഗമം ക്രമീകരിച്ചിരിക്കുന്നത്. നേരത്തെ അറിയിച്ചിരുന്ന നിർദ്ദേശപ്രകാരം ഫൊറോന വികാരിമാരുടെ നേതൃത്വത്തിൽ ഫൊറോനതല ശുശ്രൂഷാ കൂട്ടായ്മ ക്രമീകരിക്കുക.

| മാസം | ശുശ്രൂഷ | ഫൊറോനകൾ |
|---|---|---|
| ഏപ്രിൽ | സാമൂഹ്യ ശുശ്രൂഷ | വ്ളാത്താങ്കര, പാറശ്ശാല |
| മെയ് 1-ാം ത്തെ ആഴ്ച | വിദ്യാഭ്യാസ ശുശ്രൂഷ | ഉ ൻകോട്, പെരുങ്കടവിള |
| മെയ് 3-ാം ത്തെ ആഴ്ച | കുടുംബപ്രേഷിത ശുശ്രൂഷ | ചുള്ളിമാനൂർ |
| ജൂൺ | അൽമായ ശുശ്രൂഷ | ആര്യനാട്, നെടുമങ്ങാട് |
| ജൂലൈ 1-ാം ത്തെ ആഴ്ച | യുവജനശുശ്രൂഷ | കട്ടയ്ക്കോട്, കാട്ടാക്കട |
| ജൂലൈ 3-ാം ത്തെ ആഴ്ച | അജപാലന ശുശ്രൂഷ | നെയ്യാറ്റിൻകര, ബാലരാമ പുരം |

## സമഗ്രവിവരശേഖരണം

സമഗ്ര വിവരശേഖരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും കത്തുകളും ലഭിച്ചിരിക്കുമല്ലോ. നെയ്യാറ്റിൻകര രൂപതയിൽ കെആർഎൽസിസി വിഭാവനം ചെയ്ത സമഗ്ര വിവരശേഖരണവും ഇടവകകളിൽ നെയ്യാറ്റിൻകര രൂപത പാസ്റ്റർ മാനേജ്മെന്റ് സോഫ്റ്റ് വെയറിന്റെ പ്രവർത്തനങ്ങളും ആരംഭിച്ചു പൂർത്തീകരിക്കുന്നതിനുള്ള കർമ്മ പരിപാടിക്ക് തുടക്കം കുറിക്കുകയാണ്. ഡിജിറ്റൽ രൂപതയാണു നമ്മുടെ പുതിയ സ്വപ്നം. വ്യക്തി-കുടുംബ-ഇടവക-ഫൊറോന-രൂപതാ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. നെഡ്പാംസോ നെയ്യാറ്റിൻകര ഡയോസിസ് പാസ്റ്ററൽ മാനേജ്മെന്റ് സോഫ്റ്റ്വെയർ എന്നതാണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത്. ഡേറ്റാ കളക്ഷൻ, ഡേറ്റാ വാലിഡേഷൻ, ഡേറ്റാ എൻട്രി എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുക. ഇതിനുവേ ി ഇടവകകൗൺസിൽ അംഗങ്ങളും കമ്പ്യൂട്ടർ പരിചയമുള്ള അൽമായരും മുൻകൈയെടുക്കണം. ഒരു ഇടവകയ്ക്ക് ഒരു കമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും ആവശ്യമാണ്. സമഗ്ര വിവരണ ശേഖരണം സമയബന്ധിതമായി (2016 ഡിസംബർ 31 നകം) പൂർത്തീകരിക്കാൻ കഴിയുന്ന കർമ്മ പദ്ധതി ആവിഷ്കരിക്കാൻ ഇടവക കൗൺസിലംഗങ്ങൾ മുൻകൈ എടുക്കേ താണ്.

സ്നേഹാശംസകളോടെ,

നെയ്യാറ്റിൻകര
**05.10.2016**

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ

N.B.. വൈദീകർ ഈ സർക്കുലർ 09.10.2016 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക.